നമ്പർ : ICPS 2/28762/2016

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം. 16/03/2017

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശുപാർശകളിന്മേൽ നടപടികൾ സ്വീകരിക്കുന്നത്-ജെ.ജെ സ്ഥാപനങ്ങളിലെ താമസക്കാരായ കുട്ടികളുടെ ശാരീരിക വ്യായാമം-സംബന്ധിച്ച്.

സൂചന : കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 27.10.2016-ലെ ഉത്തരവ് നമ്പർ 5326/01/LA1/2016/KeSCPCR.

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനത്തോടൊപ്പം അവരുടെ കലാകായിക അഭിരുചി വളർത്തുന്നതിനും കൂടി പ്രാധാന്യം നൽകണമെന്നും, കുട്ടികൾക്ക് കളിക്കുന്നതിന് കളിസ്ഥലം ലഭ്യമാക്കണമെന്നും കുട്ടികളുടെ ദിനചര്യയുടെ ഭാഗമായി ശരീരവ്യായാമം ലഭ്യമാക്കുന്ന തരത്തിലുള്ള കളികളിൽ കുട്ടികളെ പങ്കെടുപ്പിക്കണമെന്നും ആതിലേയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സൂചനപ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായിരിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ ജെ.ജെ സ്ഥാപനങ്ങളിലും കുട്ടികൾക്ക് കളിക്കുന്നതിന് കളിസ്ഥലം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുട്ടികളുടെ പഠനത്തോടൊപ്പം അവരുടെ കലാകായിക അഭിരുചി കൂടി പ്രോത്സാഹിപ്പിക്കുന്നതിനു കൂടി പ്രാധാന്യം നൽകണം. കുട്ടികളുടെ ദിനചര്യയിൽ ശരീരവ്യായാമത്തിന് ഉതകുന്ന തരത്തിലുള്ള കളികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തണം. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പ്രസ്തുത കാര്യങ്ങൾ നിരീക്ഷിച്ച് മേൽ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:
1. പ്രോഗ്രാം മാനേജർ, ഐ.സി.പി.എസ്
2. സ്റ്റോക്ക് ഫയൽ